നം.ഇ.എക്സ്/എ.4/41000/2025/സി.ജി.ഇ

പരീക്ഷാകമ്മീഷണറുടെ കാര്യാലയം,
പരീക്ഷാഭവൻ, പൂജപ്പുര,
തിരുവനന്തപുരം, തീയതി: 25/02/2026.

# സർക്കുലർ

വിഷയം: സി.എം. കിഡ്സ് സ്കോളർഷിപ്പ് (എൽ.പി) പരീക്ഷ 2026 - പരീക്ഷാ നടത്തിപ്പ് - നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു.

പരാമർശം: 1. 22.12.2025 ലെ ഇ.എക്സ്/എച്ച്.1/46872/2025/സി.ജി.ഇ നമ്പർ വിജ്ഞാപനം
2. 07/02/2026 ലെ ഇതേ നമ്പർ സർക്കുലർ.

**2026 ഫെബ്രുവരി 26 -ന്** നടത്തുന്ന സി.എം. കിഡ്സ് സ്കോളർഷിപ്പ് (എൽ.പി) പരീക്ഷ യുടെ നടത്തിപ്പുമായി ബന്ധപ്പെട്ട് സൂചന (2) പ്രകാരം നൽകിയ സർക്കുലറിലെ നിർദ്ദേശങ്ങൾ പാലിക്കുന്നതിനോടൊപ്പം, ചുവടെ ചേർത്തിട്ടുള്ള നടപടി ക്രമങ്ങൾ കൂടി പാലിക്കുന്നതിനായി എല്ലാ ജില്ലാ വിദ്യാഭ്യാസ ഓഫീസർമാരും, ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർമാരും, ശ്രദ്ധിക്കേണ്ടതും ആവശ്യമായ നിർദ്ദേശങ്ങൾ ഇൻവിജിലേറ്റർമാർക്ക് നൽകേണ്ടതുമാണ്.

## ഇൻവിജിലേറ്റേഴ്സ് - നിർദ്ദേശങ്ങൾ/ചുമതലകൾ

1. സി.എം. കിഡ്സ് സ്കോളർഷിപ്പ് (എൽ.പി) പരീക്ഷയിൽ പങ്കെടുക്കുന്ന വിദ്യാർത്ഥികൾ അവരവർക്ക് ലഭിക്കുന്ന ബുക്ക്ലെറ്റിലെ ചോദ്യങ്ങൾക്ക് ഉത്തരം (ടിക്ക് മാർക്ക് (✓)) നൽകിയതിനുശേഷം, വീണ്ടും അതേ ചോദ്യത്തിന് നൽകിയ ഉത്തരം വെട്ടി അതേ ചോദ്യത്തിന്റെ മറ്റൊരു കോളത്തിൽ ടിക്ക് മാർക്ക് നൽകുവാൻ പാടുള്ളതല്ല. അപ്രകാരം ഒന്നിലധികം ബോക്സുകളിൽ ഉത്തരം നൽകുകയാണെങ്കിൽ അത്തരം ചോദ്യങ്ങൾ/ഉത്തരങ്ങൾ അസാധുവാകുന്നതാണ്.
2. സി.എം. കിഡ്സ് സ്കോളർഷിപ്പ് (എൽ.പി) പരീക്ഷയിൽ പങ്കെടുക്കുന്ന വിദ്യാർത്ഥികൾ കറുപ്പ്/നീല (ബോൾ പെൻ) ഉപയോഗിച്ച് ഉത്തരങ്ങൾ (ടിക്ക് മാർക്ക് (✓)) നൽകേണ്ടതാണെന്ന് നിർദ്ദേശിക്കുന്നു. പെൻസിൽ ഉപയോഗിച്ച് മാർക്ക് ചെയ്യുവാൻ പാടുള്ളതല്ല.
3. പ്രസ്തുത വിവരങ്ങൾ ഇൻവിജിലേറ്റർ മുഖേന പരീക്ഷാർത്ഥിയ്ക്ക് നൽകേണ്ടതുമാണ്.

**സെക്രട്ടറി**

പകർപ്പ്:

1. എല്ലാ വിദ്യാഭ്യാസ ഉപഡയറക്ടർമാർക്കും.
2. എല്ലാ ജില്ലാ വിദ്യാഭ്യാസ ഓഫീസർമാർക്കും
3. എല്ലാ ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർമാർക്കും (ഡി.ഇ.ഒ മുഖേന)
4. എല്ലാ ഡയറ്റ് പ്രിൻസിപ്പൽമാർക്കും.
5. എല്ലാ ചീഫ് സൂപ്രണ്ട്/ഡെപ്യൂട്ടി ചീഫ് സൂപ്രണ്ടുമാർക്കും (ഡി.ഇ.ഒ/എ.ഇ.ഒ മുഖേന)
6. സിസ്റ്റം മാനേജർ